# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1018** **30.01.2019-ൽ മറുപടിക്ക്**

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണത്തിനെതിരെ ഈ സർക്കാർ ധാരാളം ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും സ്വകാര്യ കച്ചവടസ്ഥാപനങ്ങളിലും ചില ചെറുകിട ഫാക്ടറികളിലും മറ്റു ചെറിയ സ്ഥാപനങ്ങളിലും സ്ത്രീ ജീവനക്കാരെകൊണ്ട് വളരെ വൈകിയും ജോലിയെടുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തി നൽകാതെ സ്ത്രീ ജീവനക്കാരെ വളരെ വൈകിയും ജോലി ചെയ്യിക്കുന്നതായി കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ പരിശോധനക്കുറിപ്പ് നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൂടാതെ 2016-ൽ ടെക്സ്റ്റൈൽ ഷോപ്പുകളിലും 2017-ൽ ഹോസ്പിറ്റൽ സെക്യൂരിറ്റി മേഖലകളിലും, 2018-ൽ മിനി മുത്തൂറ്റ് നിധിയിലും സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവ് പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്(ഭേദഗതി) ആക്റ്റ്, 2018 പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള 20 തൊഴിലാളികളിൽ കൂടുതലുള്ള 230 വാണിജ്യ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പരിശോധനകൾ നടത്തുകയും കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകളിലും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനകളിലും ജീവനക്കാർക്ക് ഓവർടൈം അലവൻസ്, അവധി ആനുകൂല്യങ്ങൾ, മിനിമം വേതനം |
| (ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | |
| (സി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് തലത്തിൽ നടന്ന പരിശോധനകൾ വിശദമാക്കാമോ; | |

എന്നിവ നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചെങ്ങന്നൂരിലെ ചില വസ്ത്രവില്പനശാലകളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇരിപ്പിടം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) യും (ഇ) യും ചെങ്ങന്നൂരിലെ അർച്ചന സിൽക്ക്സ് എന്ന സ്ഥാപനത്തിൽ ജീവനക്കാർക്ക് ഇരിപ്പിട സൗകര്യമില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിന് നോട്ടീസ് നൽകി ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം ഉറപ്പ വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.